**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2252** **14-10-2024 - ൽ മറുപടിയ്ക്ക്**

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് പോളിസി ആൻഡ് ലീഡർഷിപ്പ് ക്യാമ്പസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തളിപ്പറമ്പ് സ്ഥിതിചെയ്യുന്ന കിലയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് പോളിസി ആൻഡ് ലീഡർഷിപ്പ് ക്യാമ്പസിൽ ഇതുവരെ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദ വിവരങ്ങളും ഓരോ പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ; | (എ) | 1) തളിപ്പറമ്പ് സ്ഥിതിചെയ്യുന്ന കില അന്താരാഷ്ട്ര പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തിയുമായി ബന്ധപ്പെട്ട് ഒന്നാം ഘട്ടമായി 4,24,23,000/- രൂപ യുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തി LSGD എഞ്ചിനിയറിംഗ് വിഭാഗം മുഖേന ആരംഭിച്ചിട്ടുണ്ട്. ഈ പ്രവർത്തിയുമായി ബന്ധപ്പെട്ട് ഇതുവരെ 1,33,77,421/- രൂപയുടെ ബില്ല് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ തുക അനുവദിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു.<br><br>2).കില അന്താരാഷ്ട്ര ഹോസ്റ്റൽ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി അടങ്കൽ തുകയായി ആകെ 12 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഇതിൽ ഒന്നാം ഘട്ട പ്രവർത്തികൾക്കായി 4 കോടി രൂപ ഈ സാമ്പത്തിക വർഷം 05/08/2024 തീയതിയിലെ സ.ഉ.നം.1447/2024/തസ്വഭവ ഉത്തരവ് പ്രകാരം സെപ്റ്റംബർ മാസം അവസാനത്തോടെ കിലക്ക് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പി.ഡബ്ല്യൂ.ഡി. കെട്ടിട വിഭാഗം മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. ആയതിന്റെ ഡിസൈൻ തയ്യാറാക്കി അംഗീകാരം നൽകിയിട്ടുണ്ട്. കിലയിൽ ലഭ്യമായ 4 കോടി രൂപ പി.ഡബ്ല്യൂ.ഡി. കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ കണ്ണൂരിന് ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പ്രവൃത്തി സമയബന്ധിതമായി പൂർത്തികരിക്കുന്നതിന് പി.ഡബ്ല്യൂ.ഡി.ക്ക് നിർദ്ദേശം നൽകുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ? | (ബി) | അന്താരാഷ്ട്ര പരിശീലന കേന്ദ്രം കെട്ടിടത്തിന്റെ പ്രവൃത്തി പുരോഗമിച്ചു വരുകയാണ്. ടി പ്രവൃത്തി LSGD എഞ്ചിനിയറിംഗ് വിഭാഗം മുഖേന ആരംഭിച്ചിട്ടുണ്ട്. ഈ പ്രവർത്തിയുമായി ബന്ധപ്പെട്ട് ഇതുവരെ 1,33,77,421/- രൂപയുടെ ബില്ല് |

| | | | |
|---|---|---|---|
| | | | സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ബില്ല് തുക അനുവദിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു. ഹോസ്റ്റൽ കെട്ടിടം നിർമ്മാണവുമായി ബന്ധപ്പെട്ട് കിലക്ക് ലഭ്യമായ തുക കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ കണ്ണൂരിന് ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ കില സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ